# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003
ഫോൺ : 0471 2727378, ഫാക്സ്: 0471 2727379, email : obcdirectorate@gmail.com

---

BCDD/A1/2740/16(2) //ഭരണ ഭാഷ മാതൃഭാഷ // തീയതി :20/07/2017

## നോട്ടിഫിക്കേഷൻ

വിഷയം : പിന്നാക്ക വിഭാഗ വികസനം - അഭിഭാഷക ധനസഹായം 2017-18- നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന : സ.ഉ(സാധാ)നം. 69/2017/പി.വി.വി.വ തീയതി 05.07.2017

ജുഡീഷ്യറിയിൽ പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന അഡ്വക്കേറ്റ് ഗ്രാന്റ്സ് പദ്ധതിക്ക് (2017-18) അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

***അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ***

1. സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളുടെ ലിസ്റ്റിൽ (ഒ.ബി.സി) ഉൾപ്പെട്ട സമുദായാംഗമായ നിയമ ബിരുദധാരി ആയിരിക്കണം.
2. കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ അധികരിക്കരുത്.
3. കേരള ബാർ കൗൺസിലിൽ 2014 ഒക്ടോബർ 1 നും 2017 ജൂൺ 30 നും ഇടയിൽ എൻറോൾ ചെയ്ത് സംസ്ഥാനത്ത് തന്നെ പ്രാക്ടീസ് ചെയ്യുന്നവരായിരിക്കണം.
4. 2013-14,2014-15 വർഷങ്ങളിൽ ധനസഹായം ലഭ്യമായവരിൽ രണ്ടും,മൂന്നും ഗഡു ലഭിക്കേണ്ട ഗുണഭോക്താക്കൾ വിനിയോഗ സാക്ഷ്യപത്രം, തുക ചെലവഴിച്ച ഒറിജിനൽ രശീതുകൾ, പ്രാക്ടീസ് തുടരുന്നു എന്ന സീനിയർ അഭിഭാഷകനിൽ നിന്നുള്ള സാക്ഷ്യപത്രം, ബാങ്ക് പാസ് ബുക്കിന്റ പകർപ്പ് എന്നിവ സഹിതം വെള്ളക്കടലാസിൽ റിന്യൂവൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
5. **www.bcdd.kerala.gov.in** എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, എൻ റോൾമെന്റ് സർട്ടിഫിക്കറ്റ്, സീനിയർ അഭിഭാഷകനിൽ നിന്നുള്ള സാക്ഷ്യപത്രം, അപേക്ഷകന്റെ ബാങ്ക് പാസ് ബുക്കിന്റെ -

(മറുപുറം)

പകർപ്പ് എന്നിവ സഹിതം 2017 ഓഗസ്റ്റ് 31 നകം **തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള അപേക്ഷകൾ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം, പിൻ-682030, ഫോൺ:0484-2429130 എന്ന വിലാസത്തിലും, തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള അപേക്ഷകൾ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്-673020, ഫോൺ: 0495-2377786** എന്ന വിലാസത്തിലും അയക്കേണ്ടതാണ്.

6. **അനുവദിക്കുന്ന തുക അപേക്ഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഇ ട്രാൻസ്ഫർ ചെയ്യുന്നതാണ്. ആയതിനാൽ അപേക്ഷകന്റെ പേരിലുള്ള, ലൈവ് ആയ ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങളാണ് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടത്.**

7. അപേക്ഷകൾ സ്വീകരിക്കുന്ന അവസാനതീയതി **31.08.2017** ആണ്. അവസാന തീയതിക്കുശേഷം ലഭിക്കുന്നതോ അപൂർണമോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
8. അപേക്ഷ അയക്കുന്ന കവറിനു പുറത്ത് അഭിഭാഷക ധനസഹായത്തിനുള്ള അപേക്ഷ 2017-18, ജില്ല എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0471-2727379(വകുപ്പ് ഡയറക്ടറേറ്റ്), 0484-2429130 (എറണാകുളം മേഖലാ ഓഫീസ്), 0495-2377786 (കോഴിക്കോട് മേഖലാ ഓഫീസ്) എന്നീ നമ്പരുകളിൽ ബന്ധപ്പെടുക

(ഒപ്പ്)
ഡയറക്ടർ
പിന്നാക്ക വിഭാഗ വികസന വകുപ്പ്

**പകർപ്പ് :**

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം, കോഴിക്കോട്
സീനിയർ സൂപ്രണ്ട്, പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ് (വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
കരുതൽ/അധികം

ആജ്ഞാനുസരണം

Shahina

സൂപ്രണ്ട്.